പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1572 04.10.2016 – ലെ മറുപടിക്ക്

ചോദ്യം | ഉത്തരം

ശ്രീ. സി.ദിവാകരൻ | ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

ധനസ്ഥിതി മെച്ചപ്പെടുത്തൽ

| | | |
|---|---|---|
| എ | കേരളത്തിലെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | കേരളത്തിലെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് അധിക വിഭവ സമാഹരണത്തിനും അനാവശ്യ ചെലവ് നിയന്ത്രിക്കുന്നതിനുമുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള ആത്മാർത്ഥവും ഊർജ്ജിതവുമായ നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000/- കോടിരൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999 ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനവകുപ്പ്, ട്രഷറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ ഡാറ്റാബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പുതിയ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, ഇന്റലിജന്റ് ഫോർക്കാസ്റ്റിംഗ് ഉപാധികളുൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ്മെന്റ് സിസ്റ്റം എന്നിവ തയ്യാറാക്കാനുദ്ദേശിക്കുന്നു. കൂടാതെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് ഉപയോഗിച്ചുകൊണ്ട് ബഡ്ജറ്റിന് പുറമേയുള്ള വായ്പ വാങ്ങലുകളിലൂടെ വൻകിട പദ്ധതികളിലുള്ള പൊതു നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതുവഴി വളർച്ച കൂടുതൽ ത്വരിതപ്പെടുത്താനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ